"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ചാലിശ്ശേരി കാവുകോട് എം.എം.എ.യു.പി. സ്കൂളിലെ പ്രഥമാദ്ധ്യാപിക ശ്രീമതി. എം.ആർ. മിനി, എൽ.പി.എസ്സ്.റ്റി. ശ്രീമതി. ഷമീറ എം. എന്നിവർ ചേർന്ന് ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി)നം. 28768/2021-മ്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 08/06/2022 -ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.7350/2022/GEDN തീയതി,തിരുവനന്തപുരം, 26-11-2022

---

പരാമർശം:-

1. പാലക്കാട് ചാലിശ്ശേരി കാവുകോട് എം.എം.എ.യു.പി. സ്കൂളിലെ പ്രഥമാദ്ധ്യാപിക ശ്രീമതി. എം.ആർ. മിനി, എൽ.പി.എസ്സ്.റ്റി. ശ്രീമതി. ഷമീറ എം. എന്നിവർ സർക്കാരിൽ സമർപ്പിച്ച 07/12/2021 തീയതിയിലെ പുന:പരിശോധനാ ഹർജികൾ(Ext.P8 & P9).
2. ബഹു. കേരള ഹൈക്കോടതിയുടെ 08/06/2022-ലെ W.P.(C) No. 28768/2021-മ്മേലുള്ള വിധിന്യായം.
3. തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 30/08/2022, തീയതിയിലെ സി/2350/22 നമ്പർ കത്ത്.
4. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 05/09/2022 തീയതിയിലെ ബി4/4257/2022 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ചാലിശ്ശേരി കാവുകോട് എം.എം.എ.യു.പി.സ്കൂളിലെ പ്രഥമാദ്ധ്യാപിക ശ്രീമതി. എം. ആർ. മിനി, എൽ.പി.എസ്സ്.റ്റി. ശ്രീമതി. ഷമീറ എം. എന്നിവർ ചേർന്ന് ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി)നം.28768/2021-മ്മേൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം (2) വിധിന്യായത്തിൽ ഹർജിക്കാർ സർക്കാർ മുൻപാകെ ഫയൽ ചെയ്ത Ext. P8 & P9 പുന പരിശോധനാ ഹർജികൾ (പരാമർശം 1) ഹർജിക്കാരെയും 5-ാം എതിർ കക്ഷിയായ സ്കൂൾ മാനേജരെയും കേട്ട് തീർപ്പാക്കണമെന്ന് ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകുകയുണ്ടായി. ആയത് പ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം 13/09/2022-ന് ഗൂഗിൾ മീറ്റ് വഴി കേട്ടു.

2. ഒന്നാം ഹർജിക്കാരിയായ ശ്രീമതി.എം.ആർ. മിനി ഇപ്രകാരം അറിയിച്ചു:

06/07/1988 മുതൽ പാലക്കാട് ജില്ലയിലുള്ള എം.എം.എ.എൽ.പി.സ്കൂളിൽ എൽ.പി.എസ്.എ. ആയി നിയമിതയായി അംഗീകാരത്തോട് കൂടി തുടരവെ 01/04/2021-ൽ ശ്രീമതി.പി.ടി.ഫെബ, 31/03/2021-ൽ വിരമിച്ച ഒഴിവിൽ നിയമിതയായി. പ്രസ്തുത നിയമനം വിദ്യാഭ്യാസ നിയമം അധ്യായം XIV A റൂൾ 45 C പ്രകാരമാകുന്നു. എന്നാൽ 50 വയസ്സ് കഴിഞ്ഞ അധ്യാപകർക്ക് വകുപ്പ് തല പരീക്ഷ പാസാകുന്നതിൽ നിന്നും ഒഴിവാക്കി കൊണ്ടുള്ള സർക്കാർ ഉത്തരവ് ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റേ ചെയ്തിരുന്നു എന്നും ഇതിൽ നിന്നും എയ്ഡഡ് സ്കൂൾ അധ്യാപകരെ ഒഴിവാക്കി കൊണ്ടുള്ള സർക്കാർ ഉത്തരവ് ഇത് വരെ ലഭ്യമാക്കിയിട്ടില്ല എന്നുമുള്ള കാരണത്താൽ പ്രധാന അധ്യാപികയായുള്ള സ്ഥാനക്കയറ്റം അംഗീകരിച്ചില്ല.

റിവിഷൻ ഹർജിക്കാരിയായ ശ്രീമതി.എം.ആർ മിനി സ്കൂളിലെ സീനിയർ മോസ്റ്റ് അധ്യാപികയാണ്. ടിയാരി ടെസ്റ്റ് യോഗ്യത നേടിയിട്ടില്ല എന്നത് വസ്തുതയാണ്. മറ്റാരും തന്നെ താൽക്കാലിക പ്രധാനാധ്യാപക സ്ഥാനത്തിന് അവകാശവാദം ഉന്നയിക്കാത്ത സാഹചര്യത്തിൽ സീനിയർ മോസ്റ്റ് അധ്യാപികയായ ഹർജിക്കാരിയെ വിദ്യാഭ്യാസ നിയമം അധ്യായം XIV A റൂൾ 45 C പ്രകാരം താൽക്കാലിക പ്രധാനാധ്യാപികയായി നിയമിക്കുകയാണുണ്ടായത്. തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 07/05/2021 ലെ എക്സിബിറ്റ് പി. 4 ഉത്തരവും, ഒറ്റപ്പാലം ജില്ലാ വിദ്യഭ്യാസ ഓഫീസറുടെ 22/10/2021 ലെ ഉത്തരവും പ്രസ്തുത നിയമനം നിരസിക്കുവാൻ പര്യാപ്തമായ കാരണങ്ങൾ അല്ല.

സ്കൂളിൽ യോഗ്യത നേടിയ അധ്യാപകരില്ലെങ്കിൽ 45 C പ്രകാരം നിയമിക്കപ്പെടുന്ന പ്രധാനധ്യാപകന് 43 A പ്രകാരം എല്ലാ സാമ്പത്തിക ആനുകൂല്യങ്ങൾക്കും അവകാശമുള്ളതാകുന്നു. 45 C സംബന്ധിച്ച് കേരളാ ഹൈക്കോടതിയിൽ യാതൊരു വിധ കേസും ഇല്ല.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ കേസുകൾ എയ്ഡഡ് സ്കൂൾ പ്രൊമോഷൻ സംബന്ധിച്ച് ബാധകമാകുന്നതല്ല. ആയതിനാൽ തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഇതു സംബന്ധിച്ച എതിർ പ്രസ്താവ്യം നിയമപരമായി നിലനിൽക്കുന്നതല്ല.

രണ്ടാം കക്ഷിയായ ശ്രീമതി.ഷമീറയെ 15/07/2021 ന് ശ്രീമതി.മിനിയുടെ പ്രമോഷൻ വേക്കൻസിയിൽ നിയമിച്ചു. ശ്രീമതി.മിനിയുടെ 01.04.2021 ലെ നിയമനം അംഗീകരിക്കുന്ന മുറയ്ക്ക് ഷമീറയുടെ നിയമനം അംഗീകരിക്കപ്പെടേണ്ടതാണ്.

സമാനമായ മറ്റൊരു കേസിൽ 31/03/2022 ന് ഇതേ ഉപജില്ലയിലെ തന്നെ ആനക്കര നെയ്യൂർ ബേസിക് സ്കൂളിലെ പ്രധാനധ്യാപകൻ ശ്രീ.സുരേഷിന് അനുകൂലമായ സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ കോപ്പി ഈ കേസ് തീർപ്പാക്കുന്നതിന് സമർപ്പിക്കുകയും മേൽ വിവരിച്ച വാദമുഖങ്ങൾ കണക്കിലെടുത്ത് എക്സിബിറ്റ് പി.8 റിവിഷൻ ഹർജിക്കാരിയ്ക്ക് 01/04/2021 മുതലും എക്സിബിറ്റ് പി9 ഹർജിക്കാരിയ്ക്ക് 15/07/2021 മുതലും നിയമനാംഗീകാരം ലഭ്യമാക്കി ഉത്തരവുണ്ടാകണമെന്ന് ഇതിനാൽ അപേക്ഷിക്കുന്നു."

3 . ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറും ജില്ലാ വിദ്യാഭ്യാസ ഓഫീസറും അറിയിച്ചതു പ്രകാരം തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന് പരിധിയിലുള്ള കവൂക്കോട് എ.എം.എ.എൽ.പി. സ്കൂളിലെ പ്രധാനാദ്ധ്യാപികയായിരുന്ന ശ്രീമതി.ഫെബ പി.ടി. 31/03/2021-ന് വിരമിച്ച ഒഴിവിലേക്കാണ് 01/04/2021 മുതൽ എൽ.പി.എസ്.ടി.യായ ശ്രീമതി.മിനി എം.ആർ.നെ

സ്ഥാനക്കയറ്റം നൽകി പ്രധാനാദ്ധ്യാപികയായി ടി സ്കൂൾ മാനേജർ നിയമിച്ചിരുന്നത്. ശ്രീമതി.മിനി എം.ആർ പ്രധാനാദ്ധ്യാപക തസ്തികയിലെ നിയമനത്തിനു വേണ്ട വകുപ്പ് തല യോഗ്യത പരീക്ഷകൾ പാസ്സാകാത്തതിനാൽ ടി നിയമനം തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും നിരസിച്ച് ഉത്തരവായിരുന്നു. 2009 ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വിദ്യാഭ്യാസ അവകാശ ചട്ടങ്ങൾ 2011 ൽ രൂപവൽക്കരിച്ചിരുന്നു. പ്രസ്തുത ചട്ടങ്ങൾ സർക്കാർ എയ്ഡഡ്, പ്രൈമറി മേഖലകളിലേയ്ക്ക് ഒരുപോലെ ബാധകമാണ്. അതിലെ ചട്ടം 18(1) പ്രധാനാദ്ധ്യാപക നിയമനത്തിനു വേണ്ടതായ യോഗ്യത വിവരിക്കുന്നു. ഈ ചട്ടങ്ങൾ നിലവിൽ വരുന്ന വേളയിൽ 50 വയസ്സ് പൂർത്തിയാക്കിയ ടീച്ചർമാർക്ക് ടെസ്റ്റ് യോഗ്യത ഇല്ലെങ്കിൽ കൂടി പ്രധാനാദ്ധ്യാപക നിയമനത്തിൽ സ്ഥിരമായി ഇളവ് അനുവദിക്കപ്പെട്ടിരുന്ന സാഹചര്യം നിലവിലുണ്ടായിരുന്നു. എന്നാൽ ചട്ടം രൂപീകരിച്ചപ്പോൾ ഈ ഇളവ് സംബന്ധമായ വ്യവസ്ഥ അവയിൽ ഉൾപ്പെടുത്തിയിരുന്നില്ല. പിന്നീട് ചട്ടം 18 (1)-നു ഉചിതമായ ഭേദഗതി വരുത്തി ആയത് ഉൾപ്പെടുത്തിയെങ്കിലും പ്രസ്തുത ഭേദഗതിയെ ചോദ്യം ചെയ്തു ഫയൽ ചെയ്യപ്പെട്ട കേസിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റാറ്റസ്കോ നിലനിർത്താൻ ഉത്തരവിട്ടു. ഇതോട് കൂടി നിലവിൽ 50 വയസ്സ് പൂർത്തിയാക്കിയ ടീച്ചർമാർക്ക് ടെസ്റ്റ് ഇളവ് അനുവദിക്കുന്നതിന് നിർവ്വാഹമില്ലാത്ത സാഹചര്യമാണുള്ളത്. മേൽ സൂചിപ്പിച്ച കാരണങ്ങൾ ചൂണ്ടിക്കാട്ടി സമാനമായ കേസിൽ തൃത്താല ഉപജില്ലയിൽ തന്നെയുള്ള ഇരുമ്പകശ്ശേരി എ.യു.പി. സ്കൂളിലെ പ്രധാനധ്യാപക നിയമനം 30/03/2022-ലെ സ.ഉ.(സാധാ)നം.2081/2022/പൊ.വി.വ ഉത്തരവ് പ്രകാരം സർക്കാരിൽ നിന്നും നിരസിച്ചു നൽകിയിട്ടുണ്ട് എന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീമതി.മിനി എം.ആർ.നെ നിയമിച്ച 01/04/2021-ന് പ്രധാന അധ്യാപക തസ്തികയിലെ നിയമനത്തിനു വേണ്ട എല്ലാ വകുപ്പുതല യോഗ്യതാ പരീക്ഷകളും പാസ്സായ ശ്രീ.ബാബുനാസർ കെ.എ. എന്ന അധ്യാപകൻ ടി സ്കൂളിലുണ്ട് എന്ന് തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ജൂനിയർ അധ്യാപകൻ ടെസ്റ്റ് യോഗ്യത നേടിയിട്ടുള്ള സ്കൂളിൽ സമാനമായ കേസിൽ ടി ഉപജില്ലയുടെ കീഴിൽ തന്നെ വകുപ്പ് തല യോഗ്യത പരീക്ഷ പാസ്സാകാതെ ഉമ്മത്തൂർ എ.ജെ.ബി.എസ്. സ്കൂളിലെ പ്രധാന അധ്യാപകനായി നിയമിക്കപ്പെട്ട ശ്രീ.വിജയകുമാറിന്റെ നിയമനം 31/03/2022-ലെ സ.ഉ.(സാധാ)നം.2165/2022/പൊ.വി.വ പ്രകാരം സർക്കാർ നിരസിച്ച് ഉത്തരവായിട്ടുണ്ട് എന്നും തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ചതിന്റെയെല്ലാം അടിസ്ഥാനത്തിൽ ശ്രീമതി.മിനി എം.ആർ.ന്റെ കവുക്കോട് എ.എം.എൽ.പി. സ്കൂളിലെ പ്രധാന അധ്യാപക നിയമനം തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിക്കാനുണ്ടായ കാരണങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ടെന്ന് കാണുന്നു.

ശ്രീമതി.മിനി എം ആർ.ന്റെ സ്ഥാനക്കയറ്റം മൂലമുള്ള പ്രതീക്ഷിത എൽ.പി.എസ്.ടി. ഒഴിവിലാണ് ശ്രീമതി.ഷമീറ എം.നെ 15/07/2021 മുതൽ മാനേജർ നിയമിച്ചിരുന്നത് എന്നും, ശ്രീമതി മിനി എം.ആർ.ന്റെ സ്ഥാനക്കയറ്റം നിയമനം അംഗീകരിക്കാത്ത സാഹചര്യത്തിൽ വ്യവസ്ഥാപിതമായ ഒഴിവ് ലഭ്യമല്ലാത്തതിനാലാണ് ശ്രീമതി.ഷമീറയുടെ നിയമനം നിരസിച്ചതെന്നും തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

WP(C)No.19808/2021-ന്മേൽ 10/08/2021 തീയതി പ്രകാരം ബഹു.ഹൈക്കോടതി ഭിന്നശേഷി

വിഭാഗത്തിൽ പെട്ടവരുടെ നിയമനവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച വിധിന്യായ പ്രകാരം 18/11/2018 ലെ സ.ഉ.(പി)നം.18/2018/എസ്.ജെ.ഡി സർക്കാർ ഉത്തരവിനു ശേഷമുള്ള കാലയളവിലെ നിയമനങ്ങളിൽ ഭിന്നശേഷി സംവരണം പാലിച്ചേ നിയമനം അംഗീകരിക്കാൻ കഴിയുകയുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ശ്രീമതി.ഷമീറ എംനെ 15/07/2021 മുതലാണ് നിയമിച്ചിരിക്കുന്നത് എന്നതിനാൽ ഈ നിയമനം ബഹു. ഹൈക്കോടതിയുടെ മേൽ സൂചിപ്പിച്ച ഉത്തരവിന്റെ പരിധിയിൽ വരുന്നതാണ്. മേൽ ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള സർക്കാർ ഉത്തരവുകളോ നിർദ്ദേശങ്ങളോ ഇതുവരെ ലഭ്യമായിട്ടില്ല.

മേൽ വിവരിച്ച പ്രകാരം ശ്രീമതി.മിനി എം.ആർ, ശ്രീമതി ഷമീറ എം എന്നിവരുടെ നിയമനം തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിക്കാനുണ്ടായ കാരണങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ടെന്നും റിപ്പോർട്ട് ചെയ്തു.

4. സർക്കാർ ഇക്കാര്യം ഹർജിക്കാരുടെ ഹിയറിങ്ങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ, തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും ഒറ്റപ്പാലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും പരാമർശം 3, 4 റിപ്പോർട്ടുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കെ. ഇ. ആർ ചാപ്റ്റർ 14 എ റൂൾ 45 ബി (4) പ്രകാരം പ്രധാനാദ്ധ്യാപക നിയമനത്തിന് 50 വയസ്സ് കഴിഞ്ഞവരെ ടെസ്റ്റ് യോഗ്യത നേടുന്നതിൽ നിന്നും സ്ഥിരമായി ഒഴിവാക്കിയിട്ടുണ്ട്. കേരള വിദ്യാഭ്യാസ അവകാശ ചട്ടങ്ങൾ,2011 ചട്ടം 18(1) ൽ വരുത്തിയ ഭേദഗതി ബഹു.ഹൈക്കോടതി ഡിവിഷൻ ബഞ്ച് W.A. No. 123/2021 കേസിലെ വിധിന്യായത്തിൽ അംഗീകരിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.എം.ആർ.മിനി സ്കൂളിലെ സീനിയർ മോസ്റ്റ് അധ്യാപികയായതിനാലും, ടിയാരി ടെസ്റ്റ് യോഗ്യത നേടിയിട്ടില്ല എങ്കിലും 50 വയസ്സ് കഴിഞ്ഞതിനാൽ ടെസ്റ്റ് യോഗ്യത നേടുന്നതിൽ നിന്നും സ്ഥിരമായി ഒഴിവാക്കിയിട്ടുള്ളതിനാലും, 01/04/2021 മുതൽ ശ്രീമതി.മിനി.എം.ആർ.നെ സ്ഥാനക്കയറ്റം നൽകി പ്രധാനാദ്ധ്യാപികയായി നിയമിച്ചതിന് അംഗീകാരം നൽകാനും, പ്രസ്തുത സ്ഥാനക്കയറ്റ ഒഴിവിൽ 15/07/2021-ൽ നിയമിക്കപ്പെട്ട ശ്രീമതി.ഷമീറ എം.ന് ഭിന്നശേഷി വിഭാഗത്തിൽപെട്ടവരുടെ നിയമനവുമായി ബന്ധപ്പെട്ട് WP(C)No.19808/2021-ന്മേൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച 10/08/2021 തീയതി വിധിന്യായ പ്രകാരമുള്ള സംവരണം പാലിച്ചു കൊണ്ട്, മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ നിയമനാംഗീകാരം നൽകുന്നതിനും, തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, ഹർജിക്കാരായ പാലക്കാട് ചാലിശ്ശേരി കാവുകോട് എം.എം.എ.യു.പി.സ്കൂളിലെ പ്രഥമാദ്ധ്യാപിക ശ്രീമതി. എം.ആർ. മിനി, എൽ.പി.എസ്സ്.റ്റി. ശ്രീമതി. ഷമീറ എം. എന്നിവർ സർക്കാരിൽ സമർപ്പിച്ച പരാമർശം (1) പുന:പരിശോധനാ ഹർജികൾ(Ext P8 & P9) തീർപ്പാക്കി അപ്രകാരം ബഹു: ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം (2) വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മീനാംബിക എം.ഐ
ജോയിന്റ് സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം, പാലക്കാട് ജില്ല.
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തൃത്താല, പാലക്കാട് ജില്ല.
മാനേജർ, എം എം എ യു പി സ്കൂൾ, കാവുകോട്, ചാലിശ്ശേരി , പാലക്കാട്.
ശ്രീമതി. മിനി.എം ആർ, പ്രഥമാദ്ധ്യാപിക, എം എം എ യു പി സ്കൂൾ,
കാവുകോട്, ചാലിശ്ശേരി , പാലക്കാട്.
ശ്രീമതി. ഷമീറ എം, ലോവർ പ്രൈമറി സ്കൂൾ ടീച്ചർ,
എം എം എ യു പി സ്കൂൾ, കാവുകോട്, ചാലിശ്ശേരി , പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
**Signed by Shahna Kumari S L**
**Date: 29-11-2022 12:39:43**
സെക്ഷൻ ഓഫീസർ